**അനുമോദനം**

കുമാരി പി. വി. സിന്ധുവിന് അനുമോദനം

മി. സ്പീക്കർ: ടോക്കിയോ ഒളിമ്പിക്സിൽ വനിതാ സിംഗിൾസ് ബാഡ്മിന്റൺ മത്സരത്തിൽ ഇന്ത്യയുടെ കുമാരി പി. വി. സിന്ധു വെങ്കല മെഡൽ നേടിയിരിക്കുകയാണ്. തുടർച്ചയായി രണ്ട് ഒളിമ്പിക്സുകളിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ കായിക താരമാണ് കുമാരി പി. വി. സിന്ധു. 2016-ലെ റിയോ ഒളിമ്പിക്സിൽ ഇതേ ഇനത്തിൽ വെള്ളി മെഡൽ നേടിയിരുന്നു. 2019-ലെ ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പും കുമാരി പി. വി. സിന്ധുവാണ് നേടിയത്. 2014-ലെ ഏഷ്യൻ ഗെയിംസിൽ വെള്ളിയും 2018-ലെ ഏഷ്യൻ ഗെയിംസിൽ വെങ്കലവും ലഭിച്ചു. 26 വയസ്സിനിടയിൽ അഭിമാനകരമായ വിജയങ്ങളാണ് പി. വി. സിന്ധു കൈവരിച്ചത്. ഇന്ത്യയ്ക്ക് ഈ ഒളിമ്പിക്സിൽ ഇതുവരെ ലഭിച്ച രണ്ട് മെഡലുകളും വനിതകളാണ് നേടിയത്, ഭാരോദ്വഹനത്തിൽ വെള്ളിമെഡൽ നേടിയ മീരാബായ് ചാനുവും ബാഡ്മിന്റണിൽ വെങ്കല മെഡൽ നേടിയ കുമാരി പി. വി. സിന്ധുവും. വനിതകളുടെ ബോക്സിംഗിൽ ലോവ്‌ലിനാ ബോർഗോഹെയ്ൻ മെഡൽ ഉറപ്പിച്ചിട്ടുണ്ട്. വനിതാ കായിക താരങ്ങളുടെ

ഈ നേട്ടങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതും അഭിമാനകരവുമാണ്. കുമാരി പി. വി. സിന്ധുവിന് തുടർന്നും മികച്ച വിജയങ്ങൾ ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു. കേരള നിയമസഭയുടെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു.